## പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3949 24.08.2017 ന് മറുപടിയ്ക്ക്.

**<u>പെരുനാട് പഞ്ചായത്തിലെ ളാഹയിൽ പുലിയുടെ ആക്രമണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) റാന്നി പെരുനാട് പഞ്ചായത്തിലെ ശബരിമലവനാതിർത്തിയിലുള്ള ളാഹയിലും പരിസരപ്രദേശങ്ങളിലും പുലിയുടെ ആക്രമണത്തെത്തുടർന്ന് വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും പരിക്കേറ്റതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റാന്നി ഡിവിഷനിലെ റാന്നി റെയിഞ്ചിൽപ്പെട്ട രാജമ്പാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ M/s.ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിൽ അഴിച്ചു വിട്ടിരുന്ന കന്നുകാലികളിൽ ഒന്നിനെ അജ്ഞാത ജീവി ആക്രമിച്ച് കൊന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആക്രമണകാരിയായ പുലിയെ കണ്ടെത്തുന്നതിനും കെണിയൊരുക്കി അതിനെ പിടിച്ച് ഉൾവനത്തിലേക്ക് തിരികെ അയക്കാനും വനം വകുപ്പ് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) M/s.ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള ളാഹ തോട്ടത്തിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് നാട്ടുകാരിൽ നിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രദേശത്ത് ദ്രുതകർമ്മ സേന ഉൾപ്പെടെയുള്ള വനംവകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിച്ച് നിരന്തരം പട്രോളിംഗ് നടത്തി വരുന്നുണ്ട്. |
| (സി) ആക്രമണഭീതിയിൽ കഴിയുന്ന തൊഴിലാളി കുടുംബങ്ങളുടെ ജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും സംരക്ഷണം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) ളാഹ പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്ത് ദ്രുതകർമ്മ സേന ഉൾപ്പെടെയുള്ള വനംവകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിച്ച് നിരന്തരം പട്രോളിംഗ് നടത്തി വരുന്നുണ്ട്. വ്യക്തമായ സൂചന ലഭിച്ചാൽ കൂടുവച്ച് പിടിച്ച് വനത്തിനുള്ളിൽ തുറന്നു വിടുന്നതിന് നടപടി സ്വീകരിക്കും. |

Latheesh

സെക്ഷൻ ഓഫീസർ